12-02-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/02/2022

1. തെരഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മുഖേന കൊപ്ര സംഭരിക്കുന്നതിന് തീരുമാനമെടുത്തതായി കൃഷിമന്ത്രി പി.പ്രസാദ് അറിയിച്ചു. നാഫെഡ് ആയിരിക്കും കൊപ്ര സംഭരിക്കുന്ന ഏജൻസി. സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിനു കൈമാറുന്നതിനായി കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കൊപ്രയുടെ താങ്ങുവിലയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ 105 രൂപ 90 പൈസ ആയിരിക്കും കർഷകർക്ക് ലഭ്യമാകുന്നത്. ഇതിനായി നാഫെഡ് ഇ- സമൃദ്ധി പോർട്ടലിൽ സംഭരിക്കുന്ന സൊസൈറ്റികൾ മുഖേന രജിസ്റ്റർ ചെയ്യണം. പച്ച തേങ്ങ കൊപ്രയാക്കാൻ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ലാത്ത കർഷകരിൽനിന്നും പ്രാദേശിക സഹകരണ സംഘങ്ങൾ തൊണ്ട് കളഞ്ഞ പച്ചത്തേങ്ങ സംഭരിച്ചു കൊപ്രയാക്കി സംഭരണ ഏജൻസികൾക്ക് കൈമാറുന്നതായിരിക്കും. കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റ് കൂടി സംഭരണ കേന്ദ്രത്തിൽ ഹാജരാക്കേണ്ടതാണ്.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 14 മുതൽ 18 വരെ (ഫെബ്രുവരി 14 മുതൽ 18) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. ഭാവി തലമുറയിലേക്കു കാർഷിക വിദ്യാഭ്യാസം പകരുന്നതിനായി കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലൂടെ തൃശൂർ ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്ന പരിപാടികൾക്കു തുടക്കമാവുകയാണ്. സ്കൂളുകൾ തുറക്കുന്ന മുറക്ക് കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ നേരിട്ട് പരിശീലന പരിപാടികൾ നടത്തുന്നതും, കുട്ടികളോടൊപ്പമിരുന്ന് കൃഷിയുടെ ബാലപാഠങ്ങൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പകർന്നു കൊടുക്കുന്നതുമാണ് '**കാർഷിക സർവകലാശാല സ്കൂളുകളിലേക്ക്**' എന്ന ഈ പദ്ധതിയിൽ പങ്കാളികളാവാൻ താല്പര്യമുള്ള സ്കൂളുകൾ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായി നേരിട്ടോ, **0487-2370773** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

4. റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) ബിൽ 2022-ന്റെ പുതിയ നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള സമയപരിധി **മാർച്ച് 09** വരെ നീട്ടി. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ്സൈറ്റുകളിൽ ലഭ്യമാണ്. നിർദ്ദേശങ്ങൾ സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇമെയിലിലോ അറിയിക്കാവുന്നതാണ്.

5. കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മാവ്, പച്ചക്കറി എന്നിവയ്ക്കുള്ള ഫിറമോൺ കെണികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കൊ, മാവ്, പനീർചാമ്പ, പാഷൻഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, മാംഗോസ്റ്റിൻ, പന്നിയൂർ 1 കുരുമുളക്, സർവ്വസുഗന്ധി, ജാതി, ആര്യവേപ്പ്, കറിവേപ്പ്, ഗ്രാമ്പു എന്നിവയുടെ തൈകൾ, ട്രൈക്കോഡെർമ, സമ്പുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവരോഗ കീട നിയന്ത്രണോപാധികൾ, ജീവാണു വളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ **0495 – 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കുപയോഗിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 24

(ഫെബ്രുവരി 24) ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

7. കൃഷി വിജ്ഞാന കേന്ദ്രം പെരുവണ്ണാമുഴിയിൽ വച്ച് ഈ മാസം 14-ന് (14/02/2022 ന്) **കന്നുകാലികളിലെ നാടൻ ചികിത്സ** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 14-ന് രാവിലെ 9 .30 ന് പെരുവണ്ണാമുഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446890889, 0496-2966041** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

8. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലെ സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ **സംയോജിത കൃഷി സമ്പ്രദായം** എന്ന വിഷയം അടിസ്ഥാനപ്പെടുത്തി **ഫെബ്രുവരി 18 മുതൽ 23** വരെ കർഷകർക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കും സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. https://forms.gle/r8SbsSCZsp5d27656 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ നാളെ (**ഫെബ്രുവരി 13**) വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 15-ന് (ഫെബ്രുവരി 15) രാവിലെ 11 മണി മുതൽ **ആരോഗ്യത്തിനും ആദായത്തിനും സാന്ദ്രീകൃത ക്ഷീരോത്പന്നങ്ങളായ പേട, ബർഫി എന്നിവയെ കുറിച്ച് അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർക്ക് 15-ന് (ഫെബ്രുവരി 15-ന്) രാവിലെ 10 മണിയ്ക്ക് മുമ്പായി **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്ന കോഡ് ഉപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.